കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-2019

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.9) 1172/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ-680 020.

ഫോൺ: 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി:07.12.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-17, 1-21 ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ

ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)(പി.9) 1172/2020 തീയതി.07.12.2020

## തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-01-2019 മുതൽ 12-10-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 വർഷത്തെ വിവിധ അക്കൗണ്ടുകളിലെ പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 18എണ്ണം നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.10.2020 മുതൽ 21.10.2020 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ ബേബി.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോമോൻ.ഇ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽകുമാർ.കെ.സി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സ്വാലിഹ്.സി.പി | ഓഡിറ്റർ |

### നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ.കെ.ഹുസൈൻ | 01-04-2018മുതൽ 31-03-2019വരെ |
| സെക്രട്ടറി | ശ്രീ.ലിൻസ് ഡേവിഡ്.വി. | 1-4-2018 മുതൽ 11-4-2018 വരെ |
| | ശ്രീ.കെ.എസ്.ജോസ് മോൻ, അസി.സെക്രട്ടറി( ഇൻ ചാർജ്ജ്) | 11-4-2018 മുതൽ 20-4-2018 വരെ |
| | കെ എ ഉല്ലാസ് കുമാർ | 20-4-2018 മുതൽ 13-3-2019വരെ |
| | പരമേശ്വരൻ ഉണ്ണി എൻ സെക്രട്ടറി( ഇൻ ചാർജ്ജ്) | 14-3-2019 മുതൽ 31-3-2019വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി. വിജിത.കെ.വി. | 1-4-2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റിസമോൾ സൈമൺ | 1-4-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ സർക്കിൾ, മുല്ലശ്ശേരി | ശ്രീ.പ്രകാശൻ.ടി | 1-4-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ സർക്കിൾ, പറമ്പന്തള്ളി | ശ്രീ.പ്രകാശൻ.ടി | 01-04-2018 മുതൽ 16-9-2018 വരെ |
| | ശ്രീമതി.ലിൻഷ | 17-9-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. പി.എ.ഫ്രാൻസിസ് | 01-04-2018 മുതൽ 14-6-2018 വരെ |
| | | 15.06.18 ഒഴിവ് |
| | ഡോ.ടി.ജി.വിനോദ്കുമാർ | 16-6-2018 മുതൽ 31-3-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ആമിന.പി.ബി. | 1-4-2018 മുതൽ 30-7-2018 വരെ |
| | ശ്രീമതി.റീന.വി.ജെ | 31-07-2018 മുതൽ 14-08-2018 വരെ |
| | ശ്രീമതി.നന്ദിനി | 14-08-2018 മുതൽ 3-9-2018 വരെ |
| | ശ്രീമതി.റീന.വി.ജെ | 3-09-2018 മുതൽ 14-09-2018 വരെ |
| | ശ്രീമതി. സബിത വി എച്ച് | 15-9-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. കെ.ടി.സുജ | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സ്റ്റെല്ല.വി.ഡി. | 01-04-2018മുതൽ 31-03-2019 വരെ |
| അസി. സെക്രട്ടറി | ശ്രീ.കെ.എസ്. ജോസ് മോൻ | 01-04-2018 മുതൽ 22-01-2019 വരെ |
| | ശ്രീ.പരമേശ്വരൻ ഉണ്ണി എൻ. | 23-1-2019മുതൽ 31-3-2019 വരെ |
| പ്രധാന അദ്ധ്യാപകൻ | ശ്രീ. ജാൻസി.സി.ടി. | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജോൽസന സദാനന്ദൻ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.നീലകണ്ഠൻ.എ. | 1-4-2018 മുതൽ 31-03-2019 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ | 1-12 |
| 13 | വസ്തുനികുതി സംബന്ധിച്ച് | 1-13 |
| 14 | വാടക ഈടാക്കുന്നത് സംബന്ധിച്ചുള്ള അപാകങ്ങൾ | 1-14 |
| 15 | തൊഴിൽ നികുതി - അപാകങ്ങൾ | 1-15 |
| 16 | ഇ- ടെണ്ടർ ഫീ തിരികെ ഈടാക്കിയിട്ടില്ല. | 1-16 |
| 17 | വാഹനം കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം | 1-17 |
| 18 | തുടർ വിദ്യാഭ്യാസ പരിപാടി – രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-18 |
| 19 | ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 20 | കന്നുകുട്ടി പരിപാലനപരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം തിരികെ ഈടാക്കേണ്ടതാണ് | 1-20 |
| 21 | ആശ്രയ പദ്ധതി - പദ്ധതി തുക ചെലവഴിക്കാതെ ബാങ്ക് പാസ്ബുക്കിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. | 1-21 |
| 22 | ആയുർവേദ മരുന്ന് വാങ്ങൽ - മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല. | 1-22 |
| 23 | റോഡ് അറ്റകുറ്റപണി - മണ്ണിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. | 1-23 |
| 24 | വനിതാ കാന്റീൻ പ്രവർത്തിക്കുന്നില്ല | 1-24 |
| 25 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-25 |
| 26 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി – വാർഷിക കണക്കുകൾ ലഭ്യമാക്കേണ്ടതാണ്. | 1-26 |

| | | |
|---|---|---|
| | ഭാഗം 2<br>ഇല്ല | |
| | ഭാഗം 3<br>ഇല്ല | |
| | ഭാഗം-4 | |
| 27 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-9 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 37 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

പുതുക്കിയ ബജറ്റ് 15.2.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പടക്കം ആകെ വരവ്-159145208രൂപ, ആകെ ചെലവ്-156294477 രൂപ. യഥാർത്ഥ വരവും ചെലവും ബജറ്റ് പ്രകാരമുള്ള വരവ് ചെലവിനേക്കാൾ വലിയ വ്യത്യാസം ഉണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യബോധത്തോടുകൂടി തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 14.5.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11486116 |
| വരവ് | 53906670 |
| | |

| | |
|---|---|
| ആകെ | 65392786 |
| ചെലവ് | 51007955 |
| നീക്കിയിരിപ്പ് | 14384831 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ ( ACR പ്രകാരം ) | 0 | 12495687 | 12495687 | 12188166 | 306721 |
| വികസന ഫണ്ട് എസ് സി പി ( ACR പ്രകാരം ) | 0 | 7281000 | 7281000 | 5371351 | 1909649 |
| വികസന ഫണ്ട് ടി എസ് പി ( ACR പ്രകാരം ) | 0 | 13000 | 13000 | - | 13000 |
| മെയിൻറനൻസ് റോഡ് ( ACR പ്രകാരം ) | 0 | 7672000 | 7672000 | 4941288 | 2730712 |
| മെയിൻറനൻസ് നോൺ റോഡ് ( ACR പ്രകാരം ) | 0 | 2780000 | 2780000 | 2751200 | 28800 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് | 0 | 5799000 | 5799000 | 3956853 | 1842147 |

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 149 | 64457691 | 87 | 37062215 | 18 | 44 | 58 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 481584 | 162498 | 644082 | 637292 | 6790 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16042267 | 16042267 | 16042267 | 0 |

# 1-7 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2020 തീയതിയിൽ 2.30 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10770/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയുമായി ഒത്തുനോക്കി ബോധ്യപ്പെട്ടു.

# 1-8 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെപേര് | ചെലവുതുക | ഗുണഭോക്താക്കളുടെഎണ്ണം (ട്രാൻസാക്ഷൻ കൗണ്ട്) |
|---|---|---|
| തൊഴിൽരഹിതവേതനം | 147480 | 91 |
| കർഷകതൊഴിലാളിപെൻഷൻ | 7224400 | 535 |
| വിധവാപെൻഷൻ | 11982600 | 983 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 17545700 | 1422 |
| വികലാംഗപെൻഷൻ | 3173700 | 247 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1397000 | 124 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും വൗച്ചറുകളും യഥാവിധി പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി ശരിയായ രീതിയിൽ പരിപാലിക്കുന്നുണ്ട്. ജീവനക്കാർക്ക് യഥാക്രമം ജോലികൾ വിഭജിച്ച് നൽകിയിട്ടുണ്ട്. ഇൻകൃബൻസി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ, തെരുവ് വിളക്ക് രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവ ഗ്രാമപഞ്ചായത്തിൽ പരിപാലിക്കുന്നില്ല. ആയത് യഥാവിധി മേലിൽ പരിപാലിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.2.2020 | ഡിസംബർ 2019 ജനുവരി 2020 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 25.03.2014 | 2008-09 മുതൽ 2012-13 വരെ | 27.05.2014 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ ചിലയിടങ്ങളിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" | 1759533 | 1525126 | 108297 | 139680 |

| | | | | |
|---|---|---|---|---|
| സോഫ്റ്റ്വെയർ പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1759533 | 1525126 | 108297 | 139680* |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15-ലെ തുക യിൽ നിന്നും യഥാർത്ഥ ലൈബ്രറിസെസ്സ് തുക 7299 കുറച്ചത്) |

(പൊരുത്തപ്പെടുന്നുണ്ട്)

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 932301 | 840462 | 34596 | 60570 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 932301 | 829267 | 34596 | *60570 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | * (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15-ലെ തുക യിൽ നിന്നും യഥാർത്ഥ ലൈബ്രറിസെസ്സ് തുക 3164 കുറച്ചത്) |

(കളക്ഷൻ പൊരുത്തപ്പെടുന്നില്ല)

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 326653 | 236420 | 96756 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *187527 | 236420 | 96756 ** |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 റെസിഡൻഷ്യൽ കുടിശ്ശിക തുക-ലൈബ്രറി സെസ്സ് 9376) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15-ലെ തുക യിൽ നിന്നും യഥാർത്ഥ ലൈബ്രറിസെസ്സ് തുക 5147 കുറച്ചത്) |

(ഡിമാന്റ് പൊരുത്തപ്പെടുന്നില്ല)

2017-18 ലെ ബാലൻസ് ഷീറ്റ് പ്രകാരം റെസിഡെൻഷ്യൽ കെട്ടിടങ്ങളുടെ കുടിശ്ശിക ഡിമാന്റ് തുക 187527 രൂപയാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം പ്രസ്തുത ഡിമാന്റ് 326653 രൂപയാണ്. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ വസ്തുനികുതിയുടെ പ്യൂരിഫിക്കേഷൻ നടത്തിയതുമൂലം വന്ന വർദ്ധനയാണിതെന്ന് അറിയിച്ചിട്ടുണ്ട്. ഡിമാന്റിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനായി (326653-187527= 139126) ജേണൽ വൗച്ചർ നം.418000302/31.3.2019 പ്രകാരം 129750 രൂപയും ജേണൽ വൗച്ചർ നം.418000333/31.3.2019 പ്രകാരം 9376 രൂപയും പ്രയർ പിരിയഡ് ഇൻകം – വസ്തുനികുതി റെസിഡെൻഷ്യൽ എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്ത് ( 129750+9376=139126 ) കുടിശ്ശിക ഡിമാന്റ് ക്രമപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ, പ്യൂരിഫിക്കേഷൻ നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങളും ബന്ധപ്പെട്ട അധിക ഡിമാന്റ് കണക്കാക്കിയ വർക്ക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 338931 | 243659 | 100086 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 80215* | 243659 | 100086 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 നോൺ-റെസിഡൻഷ്യൽ കുടിശ്ശിക തുക-(2017-18 ലെ ബാലൻസ്ഷീറ്റ് ആകെ ലൈബ്രറി സെസ്സ് -റെസിഡെൻഷ്യൽ ലൈബ്രറി സെസ്സ്9376)) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15-ലെ തുക യിൽ നിന്നും യഥാർത്ഥ ലൈബ്രറിസെസ്സ് തുക 5125 കുറച്ചത്) |

(ഡിമാന്റ് പൊരുത്തപ്പെടുന്നില്ല)

2017-18 ലെ ബാലൻസ് ഷീറ്റ് പ്രകാരം നോൺ-റെസിഡെൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക തുക 80215 രൂപയാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം പ്രസ്തുത ഡിമാന്റ് 338931 രൂപയാണ്. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ വസ്തുനികുതിയുടെ പ്യൂരിഫിക്കേഷൻ നടത്തിയതുമൂലം വന്ന വർദ്ധനയാണിതെന്ന് അറിയിച്ചിട്ടുണ്ട്. ഡിമാന്റിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനായി (338931-80215=258716) ജേണൽ വൗച്ചർ നം.418000303/31.3.2019 പ്രകാരം 254185രൂപയും ജേണൽ വൗച്ചർ നം.418000334/31.3.2019 പ്രകാരം 4531 രൂപയും പ്രയർ പിരിയഡ് ഇൻകം – വസ്തുനികുതി നോൺ – റെസിഡെൻഷ്യൽ എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്ത് ( 254185+4531=258716 ) കുടിശ്ശിക ഡിമാന്റ് ക്രമപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ, പ്യൂരിഫിക്കേഷൻ നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങളും ബന്ധപ്പെട്ട അധിക ഡിമാന്റ് കണക്കാക്കിയ വർക്ക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ | ഡിമാന്റ് കുറവ് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | ക്രമീകരിച്ചത് | ചെയ്തത് | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 89830 | 17889 | 107719 | 77318 | 11958 | 89276 | 5595 | | 7299 | 5147 | 12971 |
| | നോൺ-റെസിഡൻഷ്യൽ | 47092 | 17797 | 64889 | 42318 | 12201 | 54519 | 1596 | | 3164 | 5125 | 8287 |
| | ആകെ | 172608 | | 172608 | 143795 | | 143795 | 7191 | | 104<br>63 10272 21258 | | |

| | | | | | |
|---|---|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 172971 | 142437 | | 152236 | 20735 |
| | 13907+134906+24158 = (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State govt . Cess/levies...... ലെഡ്ജർ 2018-19) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ). മാത്രമല്ല വസ്തുനികുതിയുടെ റെസിഡെൻഷ്യൽ (കുടിശ്ശിക+തൻവർഷം), നോൺ-റെസിഡെൻഷ്യൽ(കുടിശ്ശിക+തൻവർഷം) ഡി.സി.ബി.പത്രികകളിൽ തൻവർഷത്തെയും കുടിശ്ശികയുടേയും ആകെ ബാലൻസ് തുക കണക്കാക്കിയതിൻ ഗണിതക്രിയയിലും തെറ്റ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | ബാക്കി(ഡി.സി.ബി. പത്രിക പ്രകാരം | | | യഥാർത്ഥത്തിൽ വരേണ്ട ആകെ തുക |
|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരംഡി.സി.ബി.പത്രിക | റെസിഡൻഷ്യൽ | 139680 | 96756 | 229866 | 236436 |
| | നോൺ-റെസിഡൻഷ്യൽ | 60570 | 100086 | 158275 | 160656 |
| | ആകെ | 200250 | 196842 | 388141 | 397092 |

വാർഷികകണക്ക് പ്രകാരവും യഥാർത്ഥത്തിൽ ഈടാക്കാൻ ബാക്കി നിൽക്കുന്ന തുക 397092 രൂപയാണ് (ലൈബ്രറി സെസ്സ് ഒഴികെ). 2.1.1, 2.1.2, 2.2.1,.2.2.2 എന്നീ പട്ടികകൾ കാണുക.

2.5. 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ നിരവധി പുതിയ കെട്ടിടങ്ങൾക്ക് വിവിധ മാസങ്ങളിലായി നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 26/10/18,31/03/19എന്നീ തീയതികളിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2.6. 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior period items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രം.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 17128 | 108297 |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | 2184 | 34596 |

2.7. തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 123581രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.7.1 റെസിഡൻഷ്യൽ

| ക്രം.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800387 | 31.03.2019 | 91169 |

2.7.2 നോൺ-റെസിഡൻഷ്യൽ

| ക്രം.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800388 | 31.03.2019 | 32412 |

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രം.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance collection of revenues-Profession tax /inst/trade/prof | 600 |
| 2 | ഡി &ഒ | 350410301-Advance collection of revenues-Licence fees for dangerous and offensive trades | 84045 |

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2019 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.ന | ശീർഷകം | 2018-19 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2019 ലെ അക്യൂമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 270100104-Provision for Doubtful Receivable-Rent from Buildings | 18000 | 218000 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

5. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (47957) |
| 280100104-Prior period income-Property tax on non residential buildings | (226304) |
| 280100105-Prior period income-Service cess on residential Building | (890) |
| 280200401-Prior period income-Other income | (37124) |
| 280800201-Priorperiod-Administrative expenses | 14393 |
| 280800701-Prior period-Miscellaneous expenses | (149886) |
| 280100106-Prior period-Service cess on non residential Building | (2922) |
| 280100102-Prior period-Profession tax-Institution/traders | (20190) |

6. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2898715രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (698550)രൂപയാണ്. അംഗീകരിക്കപ്പെട്ട

അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9. 2018-19 വർഷത്തെ Income and expenditureപത്രിക പ്രകാരം 152181രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. 2018-19 വർഷത്തിലെ രണ്ടാം പകുതിയിൽ ആർജ്ജിച്ച ആസ്തികളുടെ ഡിപ്രീസിയേഷൻ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രാരംഭബാക്കി ഉൾപ്പെടെ ആദ്യ പകുതിയിൽ ആർജ്ജിച്ച ഡിപ്രീസിയേഷൻ രേഖപ്പെടുത്താൻ വിട്ടു പോയിരുന്നു. ഈ അപാകത 18.07.2019ലെ 4190053 നമ്പർ ജേണൽ പ്രകാരം മുൻകാല ചെലവായി പ്രയർ പിരീഡ് ഹെഡായ 280800701ലേക്ക് ഡെബിറ്റ് ചെയ്ത് ക്രമവത്ക്കരിച്ചിട്ടുണ്ട്.

10. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഷെയർ സർട്ടിഫിക്കറ്റുകൾ/ഫിക്സഡ് ഡെപ്പോസിറ്റ് രശീതികൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11.സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

12.1 ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല.

വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വാർഷികകണക്കിലെ തുക₹ | രജിസ്റ്ററിലെ തുക₹ |
|---|---|---|---|
| 1. | Contrctors Security Deposit | 127579 ( OB&CB) | 55100 ( OB&CB) |
| 2. | Contrctors retention receipt | 126062 | 147038 |
| 3. | Deposit received for Halls &Auditoriums | 355000 | 354000 |

12.2. Auction Deposit,Rent Deposit,Other Deposit എന്നിവയുടെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

12.3. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിലേക്ക് നൽകിയിരുന്ന അഡ്വാൻസ് തുക1160000രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചതിൽ ബാക്കി തുക 33863രൂപ തിരികെ ലഭിച്ചിട്ടുണ്ട്. (ചെക്ക് നം.549662/25.10.18,2016-17 പേരകം കുടിവെള്ള പദ്ധതി). എന്നാൽ B-18 ഷെഡ്യൂളിൽ 82317 രൂപ 31.3.2019 ലും മുൻകൂറായി രേഖപ്പെടുത്തിയിട്ടുണ്ട്.

12.4. തൊഴിലുറപ്പ് പദ്ധതിക്കായി 460509901,460500501 എന്നീ രണ്ട് ശീർഷകങ്ങളിൽ മുൻകൂർ നൽകിയതായി അഡ്വാൻസ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2017-18 വർഷത്തിൽ 460500501 ഹെഡിൽ മുന്നിരിപ്പായി കാണിച്ച 553350 രൂപ 2018-19 ൽ 460509901 ശീർഷകത്തിലാണ് അഡ്വാൻസ് റജിസ്റ്ററിൽ മുന്നിരിപ്പായി കാണിച്ചിരിക്കുന്നത്. RP-47ൽ 460500501ശീർഷകത്തിൽ ലെ 980506രൂപ നിർവ്വഹണഉദ്യോഗസ്ഥർക്കുള്ള മുൻകൂർ ഇനത്തിൽ രേഖപ്പടുത്തിയിട്ടുണ്ട്. എന്നാൽ അത് സംബന്ധിച്ച രേഖപ്പെടുത്തലുകൾഅഡ്വാൻസ് റജിസ്റ്ററിൽ ഇല്ല.

13. Investment register,Stock register എന്നിവ ലഭ്യമാക്കിയില്ല

14. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/19ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/19 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | അഭിപ്രായം |
|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | |
| 1 | 320800299 | Donations to flood | 10156 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 2 | 320800101 | Beneficiary | 14111 | അപ്രോപ്രിയേഷൻ കൺട്രോൾ |

| | | | | |
|---|---|---|---|---|
| | | Contribution | | രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. |

15. " Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലെ തുകയും ബാങ്ക് ബുക്കിലെ stale cheque തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

16. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2019 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 2567284 രൂപയാണ്. എന്നാൽ 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 2678062രൂപയാണ്.

17. പ്രൊഡക്ഷൻ ബോണസ്, സാമൂഹ്യക്ഷേമപെൻഷനുകൾ, വിവാഹ ധനസഹായം എന്നിവ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 12(3) പ്രകാരം മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസത്തിനകവും, ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ/ സാക്ഷ്യപത്രം വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകവും ലൈസൻസ് നൽകണം. എന്നാൽ ലൈസൻസിനായി നൽകിയ 50 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് മേൽ കാലാവധി കഴിഞ്ഞാണ് ലൈസൻസ് നൽകിയത് എന്നും കാലാവധി കഴിഞ്ഞിട്ടും നടപടി സ്വീകരിച്ചിട്ടില്ല എന്നും കാണുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | പേര് | വ്യാപാരസ്ഥാപനം | അപേക്ഷ ലഭിച്ച തീയതി | ലൈസൻസ് അനുവദിച്ച തീയതി |
|---|---|---|---|---|---|
| 1 | 14/51 | രാജൻ | ഷോധിക ടെക്സ്റ്റൈൽസ് | 14.3.2018 | - |
| 2 | 12/400 | അശോകൻ | - | 14.3.2018 | - |
| 3 | 10/338 | സന്തോഷ് | ഹിന ഓട്ടോ ഗാരേജ് | 22.2.2018 | 22.9.2018 |
| 4 | 12/292 | ജോസ് ഇ എൽ | ചെങ്കലയ് ട്രേഡേഴ്സ് | 28.2.2018 | 12.10.2018 |
| 5 | 14/52 | ജോസ് വി കെ | ക്ലൈമാക്സ് | 28.2.2018 | - |
| 6 | 12/47 | വിവേക് വി വി | സെലക്ട് സൂപ്പർ മാർക്കറ്റ് | 28.2.2018 | 14.5.2018 |
| 7 | 14/143 | ബാലകൃഷ്ണൻ | ഫാഷൻ സലോൺ | 28.2.2018 | 8.6.2018 |
| 8 | 13/353 | സി എ ജോർജ് | എസ് വി എസ് സൗണ്ട് ഇലക്ട്രിക്കൽസ് | 28.2.2018 | 29.12.2018 |
| 9 | 12/271 | പി എസ് രാജൻ | റിലീഫ് സ്റ്റോഴ്സ് | 28.2.2018 | 31.8.2018 |
| 10 | 12/263 | ദിനേഷ് എം | നന്ദന സ്റ്റോഴ്സ് | 16.3.2018 | - |
| 11 | 10/345 | നാസർ പി എ | ഹൈ ഫാം | 15.3.2018 | 27.10.2018 |
| 12 | 11/275 | സുഷാദ് പി എസ് | ക്യൂട്ട് മെൻ | 14.3.2018 | - |
| 13 | 14/428,429 | രാഘവൻ | ഹരിശ്രീ ടിംബർ | 13.3.2018 | - |

| | | | | | |
|---|---|---|---|---|---|
| | | | സർവീസ് | | |
| 14 | 5/290 | റോയ് സി ഒ | സിയാർ സ്റ്റോഴ്സ് | 8.3.2018 | - |
| 15 | 6/491 | വിനേഷ് | വി.ജെ കമ്മ്യൂണിക്കേഷൻസ് | 13.3.2018 | 13.9.2018 |
| 16 | 15/201 | രതി ബാലൻ | ഓർമ വേളത്ത് ഹോളോ ബ്രിക്സ് | 9.3.2018 | 6.6.2018 |
| 17 | 13/416 | റാഫേൽ പോൾ | കാഞ്ഞിരിങ്കൽ സ്റ്റോഴ്സ് | 7.3.2018 | 13.9.2018 |
| 18 | 8/191 | പ്രഭാവതി സുധാകരൻ | ധാന്യങ്ങൾ പൊടിപ്പിക്കുന്നത് | 7.3.2018 | 27.6.2018 |
| 19 | 10/279 | ആന്റോ വി കെ | ഫൈബർ പ്ലാസ്റ്റ് ഇൻഡസ്ട്രീസ് | 6.3.2018 | - |
| 20 | 11/326 | ശിവദാസ് എ കെ | പരാന്തന് ഫ്യൂവൽസ് | 3.3.2018 | - |
| 21 | 11/251 | ഷാനിഷ് കെ എസ് | റിഥം സ്റ്റുഡിയോസ് | 2.3.2018 | 27.10.2018 |
| 22 | 1/86 | അയ്യപ്പൻ | പലചരക്ക് | 1.3.18 | - |
| 23 | 6/57A | എ എം വിൻസെന്റ് | സോളാർ ഏജൻസിസ് | 24.2.2018 | 1.6.2018 |
| 24 | 10/22A | ഉണ്ണികൃഷ്ണൻ | വുഡ്ലാൻഡ് കിച്ചൻ കപ്ബോർഡ് | 1.3.2018 | - |
| 25 | 15/159 | മുരുകാനന്ദൻ | ആക്രി കച്ചവടം | 27.2.2018 | 31.8.2018 |

2) പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററും 2,6,11,14,15വാർഡുകളിലെ ട്രേഡേഴ്സ് ലിസ്റ്റും പരിശോധിച്ചതിൽ ലൈസൻസ് നൽകിയ താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 6/240,241 | സെക്രട്ടറി, അന്നക്കര സർവീസ് സഹകരണ സംഘം | നീതി സ്റ്റോഴ്സ് |
| 2 | 6/203 | ഷബീർ | എച് എം സി ചിക്കൻ സെന്റർ |
| 3 | 6/42 | എൻ എൽ ഫ്രാൻസിസ് | സെന്റ് സെബാസ്റ്റ്യൻ റൈസ് ആൻഡ് ഫ്ലോർ |
| 4 | 11/286 | രാജേഷ് കെ പി | ആര്യൻസ് കിഡ്സ് & ലേഡീസ് ട്രെൻഡ്സ് |
| 5 | 11/315 | സെക്രട്ടറി,മുല്ലശ്ശേരി സർവീസ് സഹകരണ സംഘം | നീതി മെഡിക്കൽസ് |
| 6 | 11/316 | മേരി പ്രിൻസ് | മാധവം ടി സ്റ്റാൾ |

3) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.674/2017 നമ്പറായി പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി

സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി 10/19.10.2020) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ നിയമ വിധേയമല്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിച്ചു കൊണ്ട് പഞ്ചായത്തിന് ലഭിക്കേണ്ട വരവുകൾ പൂർണമായും ലഭിക്കുന്നുവെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

# 1-13 വസ്തുനികുതി സംബന്ധിച്ച്

1) സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. എന്നാൽ 1 മുതൽ 8 വരെയുള്ള വാർഡുകളിലെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 2018-19 വർഷം അപേക്ഷയോ, സാക്ഷ്യപത്രമോ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ തൻ വർഷം രജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലും നടത്തിയിട്ടില്ല.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേര്, വിലാസം |
|---|---|---|
| 1 | 1/37 | ജോസ്, കുണ്ടുകുളം വീട്, തിരുനെല്ലൂർ |
| 2 | 2/178 | കൊച്ചുമേരി, കുത്തൂര് വീട്, പെരുവല്ലൂർ |
| 3 | 2/190 | കുമാരൻ, കുറവത്ത്, പെരുവല്ലൂർ |
| 4 | 2/434 | ഭാസ്കരൻ, ചേമ്പിൽ വീട്, പെരുവല്ലൂർ |
| 5 | 3/17 | ജെയിംസ് പി.ജെ, പൊറത്തൂർ പാതോക്കാരൻ വീട്, മുല്ലശ്ശേരി |
| 6 | 3/50 | കുഞ്ഞുമോൻ, പോവിൽ വീട്, പെരുവല്ലൂർ |
| 7 | 3/52 | ശ്രീജിത്ത് മുരളി, കാഞ്ഞങ്ങാട്ട് വീട്, പെരുവല്ലൂർ, |
| 8 | 3/137 | തോമാസ്, അക്കര വീട്, പെരുവല്ലൂർ |
| 9 | 4/418 | ചന്ദ്രൻ, മദ്ദളംകോട്ട് വീട്, പേനകം |
| 10 | 5/307 | പ്രേമ, പാറോല എഴുത്തശ്ശൻ വീട്, അന്നകര |
| 11 | 5/334 | പൌലോസ്, നെയ്യൻ വീട്, അന്നകര |
| 12 | 6/40 | ജേക്കബ്, ചിരിയംകണ്ടത്ത്, പതിയാർകുളങ്ങര |
| 13 | 6/306 | കെ. രവികുമാർ, കുന്നംകുമരത്ത് വീട്, എലവത്തൂർ |
| 14 | 7/117 | ശ്രീനിവാസ ദാസൻ, പാട്ടത്തിൽ വീട്, പതിയാർകുളങ്ങര |
| 15 | 7/275 | ശ്രീധരൻ രാധാദേവി, ചെറിയകത്ത്, പതിയാർകുളങ്ങര |
| 16 | 8/182 | കൊച്ചമ്മിണി, കുന്നത്തുള്ളി, മുല്ലശ്ശേരി |
| 17 | 8/234 | രമണി, കൊല്ലാറ വീട്, മുല്ലശ്ശേരി, |
| 18 | 8/389 | കൃഷ്ണൻകുട്ടി, കൊട്ടുക്കൽ വീട്, മുല്ലശ്ശേരി |

ഭാവിയിൽ സാക്ഷ്യപത്രവും അപേക്ഷയും കൃത്യമായി സൂക്ഷിക്കുന്നതാണെന്നും രജിസ്റ്റർ കാലികമാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2)വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം ഇന്ത്യൻ ബാങ്ക് (13/453) മണപ്പുറം ബാങ്ക് (14/55,56,57) എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന വാണിജ്യകെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽസ്റ്റേഷൻ

എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി 30/ച.മീ. ആയിട്ടാണ്. എന്നാൽ ഇവ വാണിജ്യകെട്ടിടങ്ങളായതിനാൽ ടി ഉപയോഗക്രമത്തിൽപെടുത്തി ബാധകമായ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതാണെന്ന് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4(4)ൽ പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഇവയുടെ ഉപയോഗക്രമം സഞ്ചയയിൽ മാറ്റം വരുത്തിയിട്ടില്ല. ബാങ്ക് എന്ന ഓപ്ഷൻ ഇല്ലാത്തതിനാലാണ് ഉപയോഗക്രമം മാറ്റാത്തത് എന്നാണ് വിശദീകരണം. ബാങ്കിങ് സ്ഥാപനങ്ങൾ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ (Rs 40/ ച.മീ) ഉൾപെടുത്താൻ സാധിക്കുന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടെ ഉപയോഗക്രമം മാറ്റി ബാധകമായ നിരക്കിൽ നികുതി നിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) സഞ്ചയ പ്രകാരം താഴെ കാണുന്ന കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക ഈടാക്കാനുണ്ട്

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേര് | കാലയളവ് | ഈടാക്കാനുള്ള നികുതി |
|---|---|---|---|---|
| 1 | 10/25 | അപ്പുക്കുട്ടൻ | 2013-14 1st - | 4072 |
| 2 | 10/195 | ശശീധരൻ | 2013-14 1st - | 3192 |
| 3 | 10/232 | ബാബുരാജ് | 2013-14 1st - | 4288 |
| 4 | 15/267 | ഷെമി & നസീർ | 2013-14 1st - | 1136 |
| 5 | 14/220 | ജാനകി വി എസ് | 2013-14 1st - | 1112 |
| 6 | 13/357A | ജോസ് | 2013-14 1st - | 1888 |
| 7 | 4/297 | സുധീർ വി ആർ | 2013-14 1st - | 6328 |
| 8 | 5/355 | നാരായണി | 2013-14 1st - | 208 |

കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അടവാക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എത്രയും പെട്ടെന്ന് തുക ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരം കാലതാമസം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.18/21.10.2020)

# 1-14 വാടക ഈടാക്കുന്നത് സംബന്ധിച്ചുള്ള അപാകങ്ങൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളുടെ വാടക ഈടാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) കടമുറി നം. 14/46, 14/47 എന്നീ കടമുറികളുടെ 2017-18 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശികയായി 50115 രൂപ (28995+21120) കിട്ടാനുണ്ടായിരുന്നു. അതിൽ 23619 രൂപ (14434+9185) 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ രസീതുകളിലായി അടവാക്കിയിട്ടുണ്ട്. ബാക്കിയുള്ള കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ കുടിശ്ശിക തുക ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ചാവക്കാട് തഹസിൽദാർക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) പഞ്ചായത്തിന്റെ അധീനതയിലുള്ള എസ് സി വിപണന കേന്ദ്രത്തിലെ വിവിധ കടമുറികളുടെ ലേലവുമായി ബന്ധപ്പെട്ട് താഴെ കാണും വിധം കരാർ വെക്കാൻ താമസിച്ചത് മൂലം പഞ്ചായത്തിന് വാടക ഇനത്തിൽ കിട്ടേണ്ട വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ | കടമുറി | ലേല | ലേലം പഞ്ചായത്ത് | കരാർ വെച്ച |
|---|---|---|---|---|

| നം. | നമ്പർ | തീയതി | അംഗീകരിച്ച തീയതി | തീയതി |
|---|---|---|---|---|
| 1 | 323 C | 5.11.2018 | 30.11.2018 | 29.6.2019 |
| 2 | 323 E | 5.11.2018 | 30.11.2018 | 25.9.2019 |
| 3 | 323 F | 5.11.2018 | 30.11.2018 | – |
| 4 | 323 G | 5.11.2018 | 30.11.2018 | 26.6.2019 |
| 5 | 323 K | 5.11.2018 | 30.11.2018 | – |
| 6 | 323 H | 5.11.2018 | 30.11.2018 | 21.1.2019 |
| 7 | 323 N | 5.11.2018 | 30.11.2018 | 24.1.2019 |

ലേലം കൊണ്ടവർ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്നവർ ആയതിനാൽ കരാർ വെക്കുന്നതിനു കാലയളവ് ആവശ്യപ്പെട്ടതനുസരിച്ച് അനുവദിച്ചത് കൊണ്ടാണ് കാലതാമസം ഉണ്ടായതെന്നാണ് വിശദീകരണം. എന്നാൽ പ്രസ്തുത തീരുമാനത്തിന്റെ മിനുട്സ് ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം ഇളവുകൾ നൽകുമ്പോൾ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.12/19.10.2020)

# 1-15 തൊഴിൽ നികുതി - അപാകങ്ങൾ

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരൻ | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | GHSS മുല്ലശ്ശേരി | ബിന്ദു ജി | 1 | 135160 | 1250 | 1000 | 250 |
| 2 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | അരുൺ എസ് കൈമൾ | 1 | 82930 | 750 | 600 | 150 |
| 3 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ഷീബ വി ജോസ് | 1 | 47200 | 450 | 300 | 150 |
| 4 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ഹർഷ കെ ജെ | 1 | 47200 | 450 | 300 | 150 |
| 5 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ജോസ്നി ജോൺസൻ | 1 | 47200 | 450 | 300 | 150 |
| 6 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ദിവ്യ ടി വി | 1 | 47200 | 450 | 300 | 150 |
| 7 | മദർ ആർട്സ് | ഫ്രിറ്റി പി എഫ് | 1 | 47200 | 450 | 300 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആൻഡ് സയൻസ് കോളേജ് | | | | | | |
| 8 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ഐശ്വര്യ കെ ദേവദാസ് | 1 | 47200 | 450 | 300 | 150 |
| 9 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | സൽമ പർവീ | 1 | 47200 | 450 | 300 | 150 |
| 10 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ശലഭ എം എസ് | 1 | 47200 | 450 | 300 | 150 |
| 11 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | നവ്യ എൻ എസ് | 1 | 47200 | 450 | 300 | 150 |
| 12 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | സരിത കെ എസ് | 1 | 47200 | 450 | 300 | 150 |
| 13 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | വിദ്യ ഇ എസ് | 1 | 47200 | 450 | 300 | 150 |
| 14 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | വൃന്ദ സി | 1 | 47200 | 450 | 300 | 150 |
| 15 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | സ്മിത സുബ്രമണ്യൻ | 1 | 47200 | 450 | 300 | 150 |
| 16 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ജിനി കെ കെ | 1 | 47200 | 450 | 300 | 150 |
| 17 | മദർ ആർട്സ് | സ്റ്റെഫി കെ ജെ | 1 | 47200 | 450 | 300 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആൻഡ് സയൻസ് കോളേജ് | | | | | | |
| 18 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | എൻ ആർ ദിൽഷ രാജൻ | 1 | 47200 | 450 | 300 | 150 |
| 19 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ജിത്ത് ജോർജ് | 1 | 47200 | 450 | 300 | 150 |
| 20 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ലിറ്റി ആന്റോ | 1 | 47200 | 450 | 300 | 150 |
| 21 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ചിഞ്ചു പ്രേംകുമാർ | 1 | 47200 | 450 | 300 | 150 |
| 22 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ടിനു എം എ | 1 | 47200 | 450 | 300 | 150 |
| 23 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | ശ്രീലക്ഷ്മി സി | 1 | 63202 | 600 | 450 | 150 |
| 24 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | റീനി സഖറിയാസ് | 1 | 47200 | 450 | 300 | 150 |
| 25 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | സിമി ടി എസ് | 1 | 47200 | 450 | 300 | 150 |
| 26 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | വിനയ ഫ്രാൻസിസ് | 1 | 47200 | 450 | 300 | 150 |
| 27 | മദർ ആർട്സ് | ആതിര കെ ആർ | 1 | 47200 | 450 | 300 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആൻഡ് സയൻസ് കോളേജ് | | | | | | |
| 28 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | സനിത ചന്ദ്രൻ | 1 | 47200 | 450 | 300 | 150 |
| 29 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | സൂര്യ ഗായത്രി വി | 1 | 47200 | 450 | 300 | 150 |
| 30 | സ്കോട് പൈപ്സ് | ജോബി സി ജെ | 1 | 125913 | 1250 | 1000 | 250 |
| 31 | മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് | മോളി സൂസൻ എബ്രഹാം | 2 | 47200 | 450 | 300 | 150 |
| | ആകെ | | | | | | 4850 |

2) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ശ്രീ ദുർഗ കുറീസ് ആൻഡ് ലോൺസ് | രണ്ടാം അർദ്ധവർഷം |
| 2 | പാസിയോ ട്രേഡേഴ്സ് | രണ്ടാം അർദ്ധവർഷം |
| 3 | ഡിലൈറ് സിറ്റി സൂപ്പർ മാർക്കറ്റ് | രണ്ടാം അർദ്ധവർഷം |

3) ഗ്രാമപഞ്ചായത്ത് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത അംഗീകൃത കരാറുകാർ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമല്ല

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് GHSS മുല്ലശ്ശേരി, മദർ ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ യഥാക്രമം കുറവ് വന്ന തുകയായ 250, 4350 എന്നിവ 20/10/2020 ലെ രസീത് നമ്പർ 12001010200, 120010101998 എന്നിവ പ്രകാരം അടവാക്കിയതായും ബാക്കിയുള്ള കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. കരാർകാർ, റേഷൻ കടകൾ എന്നിവയുടെ തൊഴിൽ നികുതി സംബന്ധിച്ചുള്ള വിവരങ്ങൾ ഉടനെ ലഭ്യമാക്കാം എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനങ്ങൾ കൃത്യമായി യഥാസമയം തന്നെ ഈടാക്കാൻ സ്ഥാപനം ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 19.10.2020)

# 1-16 ഇ- ടെണ്ടർ ഫീ തിരികെ ഈടാക്കിയിട്ടില്ല.

2018-19 വർഷത്തെ ഇ -ടെണ്ടർ ഫീ ഇനത്തിലുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ട ടി തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനിയറിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. മുൻ വർഷങ്ങളിൽ ഇപ്രകാരം ലഭിക്കാനുള്ള തുക ഉണ്ടെങ്കിൽ ആയതു കൂടി തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 വാഹനം കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-46/9309 മഹീന്ദ്ര ബൊലേറോ ജീപ്പ് കയ്യൊഴിക്കുന്നതിനുള്ള കാലാവധി പൂർത്തിയായിട്ടുള്ളതായി കാണുന്നു. 2007ൽ വാങ്ങിയ ഈ വാഹനം പതിമൂന്ന് വർഷം കാലാവധി പൂർത്തിയാക്കിയിട്ടുണ്ട്. ഈ വാഹനം നാളിതു വരെയായി ഒരു ലക്ഷത്തി തൊണ്ണൂറായിരം കിലോമീറ്റർ ഓടിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷക്കാലത്ത് അറ്റക്കുറ്റപണികൾക്കും, മറ്റുമായി 109373/- രൂപ ചെലവ് വന്നിട്ടുണ്ട്, വാഹനത്തിന്റെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് പ്രകാരം വിപണി മൂല്യം കേവലം 80,000/- രൂപ മാത്രമാണ്. വാഹനം നിലനിർത്തുന്നത് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. 16-10-2019 തിയ്യതിയിലെ സർക്കാർ ഉത്തരവ് (കൈ)നം 45/19/പൊതുമരാമത്ത് വകുപ്പ് പ്രകാരം തുടർച്ചയായ മൂന്ന് സാമ്പത്തിക വർഷക്കാലത്തെ അറ്റക്കുറ്റപണികൾക്കു വേണ്ടിവരുന്ന ചെലവ് വാഹനത്തിന്റെ വിപണി മൂല്യത്തെ അധികരിച്ചാലും, വാഹനം പത്ത് വർഷം കാലാവധി പൂർത്തിയാക്കിയാലും വാഹനം കൈയ്യൊഴിക്കേണ്ടതാണ്. ടി സാഹചര്യത്തിൽ മേൽ പരാമർശിത സർക്കാർ ഉത്തരവിന് വിധേയമായി വാഹനം കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 തുടർ വിദ്യാഭ്യാസ പരിപാടി - രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ ഗവ: യു പി സ്കൂൾ

പദ്ധതി നം. 17/2019

അടങ്കൽ 100000

ചെലവ് 99,800

ബിൽ നം. 3) 7-3-2019, 99800/-

മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പത്താം തരം, ഹയർസെക്കന്ററി തുല്യത പഠനവുമായി ബന്ധപ്പെട്ട് പഠിതാക്കളുടെ കോഴ്സ് ഫീ എന്നിവയുടെ ചെലവുകൾക്കായി 100000 രൂപ വകയിരുത്തിയിട്ടുണ്ട്. പത്താം തരം തുല്യതയ്ക്ക് 16 പേരുടെയും ഹയർസെക്കന്ററി തുല്യത 22 പേരുടെയും ഹയർസെക്കന്ററി രണ്ടാം വർഷം 12 പേരുടെയും അപേക്ഷ ലഭിച്ചിട്ടുണ്ട്.

പത്താം തരം കോഴ്സ് ഫീ ഇനത്തിൽ ഒരു പഠിതാവിന് 1750 രൂപ വീതം ആകെ 28000 രൂപയും (16* 1750) ഹയർസെക്കന്ററി തുല്യത കോഴ്സ് ഫീസിനത്തിൽ ഒരു പഠിതാവിന് 2200രൂപ വീതം (22* 2200) ആകെ 48400 രൂപയും ഹയർസെക്കന്ററി രണ്ടാം വർഷം തുല്യത കോഴ്സ് ഫീസിനത്തിൽ ഒരു പഠിതാവിന് 1950രൂപ വീതം ആകെ 23400 രൂപയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ല സാക്ഷരത മിഷൻ, തൃശ്ശൂർ DLM/TSR/PR-01/19 തിയ്യതി 23-01-2019 കത്ത് പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് 99800 രൂപ പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്ന് മേൽ ബിൽ പ്രകാരം നല്കുകയും ചെയ്തിട്ടുണ്ട് .

മേൽ പഠിതാക്കൾ പരീക്ഷ എഴുതിയത് സംബന്ധിച്ച് വിവരങ്ങൾ നല്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരീക്ഷയ്ക്ക് ഹാജരാകുന്നതിന്റെ ഹാൾ ടിക്കറ്റ്, സർട്ടിഫിക്കറ്റ് എന്നിവ പഠിതാക്കളുടെ കൈവശമാണെന്നും മറ്റ് അനുബന്ധ രേഖകൾ മുൻ വർഷങ്ങളിലും ലഭിക്കാറില്ല എന്നുമാണ് അറിയിച്ചത്. മേൽ പഠിതാക്കൾ പരീക്ഷകൾ എഴുതുന്നുണ്ടോ എന്നു ഉറപ്പുവരുത്തേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.7/15.10.20)

# 1-19 ബൈലോയ്ക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പാക്കിയ പദ്ധതി നമ്പർ 126/18-19വാതക ശ്മശാനം നിർമ്മാണം (സ്പിൽ ഓവർ) അടങ്കൽ 11,61,000 രൂപ, ചെലവ് 11,61,000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) പ്രകാരം വാതക ശ്മശാനം പണി പൂർത്തീകരിച്ചിട്ടുള്ളതും, പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ ആയതിന്റെ നടത്തിപ്പ് സംബന്ധിച്ച് ബൈലൊ നിലവിലില്ലായെന്നു കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ -3 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അംഗീകാരം ലഭ്യമായിട്ടില്ലെന്നറിയിച്ചിട്ടുണ്ട്. ബൈലൊ എത്രയും വേഗത്തിൽ തയ്യാറാക്കി സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

# 1-20 കന്നുകുട്ടി പരിപാലനപരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണം – വെറ്ററിനറി സർജൻ

പ്രൊജക്റ്റ് നമ്പർ – 16/18-19 –പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടി

അടങ്കൽ – 12,50,000/-

ചെലവ് – 3,12,500/-

ട്രഷറി ബിൽ നമ്പർ –7/18-19/11-1-19-₹1,87,500/-,9/18-19/18-1-19-₹1,25,000/-,

ഈ പദ്ധതിക്കായി ആകെ 3,12,500/- രൂപ എസ്.എൽ.ബി.പിക്ക് കൈമാറിയിട്ടുണ്ട്. താണവീഥി ക്ഷീരസഹകരണസംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്.

പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ ഉണ്ണികൃഷ്ണൻ കെ കാഞ്ചിയിൽ വീട്, മുല്ലശ്ശേരി, സാജൻ, പതിയില വീട്, മുല്ലശ്ശേരി, ജോസഫ് കുത്തൂർ വീട്, മുല്ലശ്ശേരി, ജയതിലകൻ കുറവത്ത് വീട്, മുല്ലശ്ശേരി, ബാബു സി, ഉമ്മർ എന്നീ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല. ടി ഗുണഭോക്താക്കൾ പദ്ധതിയിൽ പങ്കാളികളായി തുടരാത്തവരാണെന്നും അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം (നമ്പർ 17/20/10/20 ) ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി യിൽ നിന്നും പദ്ധതിപൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പറഞ്ഞപ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡിവിഹിതം ബാക്കിതുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 1-21 ആശ്രയ പദ്ധതി - പദ്ധതി തുക ചെലവഴിക്കാതെ ബാങ്ക് പാസ്ബുക്കിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു.

ആശ്രയ പദ്ധതി പ്ലാൻ ഫണ്ടിൽ യൂണിയൻ ബാങ്ക് മുല്ലശ്ശേരി ബ്രാഞ്ച് അക്കൗണ്ട് നമ്പർ 551100010001608 ൽ 31.3.2019 ൽ 478505 രൂപയും 3.10.2020 ൽ 5,06,529/- രൂപയും നീക്കിയിരിപ്പുള്ളതായി കാണുന്നു. ചലഞ്ച് ഫണ്ട് തുക നിക്ഷേപത്തിനായി മുല്ലശ്ശേരി എസ്.ബി.ഐ.ബ്രാഞ്ചിൽ 67083547459 നമ്പറായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 14.10.2019 ന് മേൽ അക്കൗണ്ടിൽ 140401/- രൂപ നീക്കിയിരിപ്പുണ്ട്. 14.10.2019 ൽ മേൽ തുക ക്ലോസ് ചെയ്ത് സർക്കാരിന്റെ നൂതന പദ്ധതിയായ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിയൻ ബാങ്ക് മുല്ലശ്ശേരി ബ്രാഞ്ചിൽ അക്കൗണ്ട് നമ്പർ 551102010011204 ചാലഞ്ച് ഫണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ പ്ലാൻ ഫണ്ട് തുക ചെലവഴിക്കാതെ ഇപ്പോഴും അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. ചെലവഴിക്കാത്ത പ്ലാൻ ഫണ്ട് തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 2018-19 വർഷത്തിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ആശ്രയ കിറ്റ് വിതരണ പദ്ധതി മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ആശ്രയ പദ്ധതി ഊർജിതമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-22 ആയൂർവേദ മരുന്ന് വാങ്ങൽ - മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല.

പ്രോജക്റ്റ് നം. - S008/19

ട്രഷറി ബിൽ നം. - 5/18 -19 dtd. 13.9.18. 500000/-

ഫണ്ട് - മെയിന്റൻസ് ഗ്രാന്റ് - റോഡിതരം

ആയൂർവേദ ഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി 500000/- ഔഷധി എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ യഥാസമയം ലഭിച്ചു കാണുന്നില്ല. ഔഷധിയുമായി

മെഡിക്കൽ ഓഫീസർ കരാർ ചമച്ചിട്ടുമില്ല. മരുന്നുകൾ വാങ്ങുന്നതിന് മുമ്പ് ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി ഇൻഡന്റ് സ്ഥാപനത്തിലേക്ക് അയക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള ഇൻഡന്റ് തയ്യാറാക്കി സ്ഥാപനത്തിന് നൽകിയതായി കാണുന്നില്ല. മരുന്നുകൾ ലഭിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തിയതി | തുക | ലഭിച്ച തിയതി |
|---|---|---|---|
| 90081961. | 24.9.2018. | 84930 | 2.10.2018 |
| 90085929 | 20.10.2018. | 111873. | 23.10.2018 |
| 90089193 | 8.11.2018 | 53531 | 12.11.2018 |
| 90091063. | 24.11.2018. | 72181 | 29.11.2018 |
| 90093716 | 13.12.2018. | 43082 | 19.12.2018 |
| 90095907 | 29.12.2018. | 9638 | 12.1.2019 |
| 90089305 | 26.1.2019 | 20135 | 26.1.2019 |
| 90100385 | 30.1.2019 | 42327 | 14.2.2019 |
| 90104634 | 26.2.2019 | 27523 | 3.3.2019 |
| 90119244 | 29.3.2019 | 1323 | 14.4.2019 |
| 90119843 | 30.6.2019 | 8020 | 26.7.2019 |
| 90115300 | 31.5.2019 | 25436 | 26.7.2019 |

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-23 റോഡ് അറ്റകുറ്റപണി - മണ്ണിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര് - പറമ്പന്തളി പെരുവല്ലൂർ റോഡ് അറ്റകുറ്റപണി.

പ്രോജക്ട് നമ്പർ - S0097/18

അടങ്കൽ - 1853000/-

ധന കാര്യ കമ്മീഷൻ ഗ്രാന്റ് - 103000/-

മെയിന്റനൻസ് ഫണ്ട് (റോഡ്) - 1750000/-

അളവ് പുസ്തകം - 79/17-18, 90/17-18.

എഗ്രിമെന്റ് നമ്പർ - 24/17-18.dtd. 26.12.17.

കരാറുകാരൻ - പി.കെ ചന്ദ്രൻ

നിർവ്വഹണ ഉദ്യോഗസ്ഥ – അസി.എഞ്ചിനിയർ

ട്രഷറി ബിൽ നം. 4/18-19 dtd.30.6.18. 1631833/-

റീ-ടാറിംഗ് നടത്തുന്നതിനും, കാനയും കൾവർട്ടും നിർമ്മിക്കുന്നതിനു വേണ്ടിയുമാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. പൂർത്തീകരണ കാലയളവ് പ്രോജക്ടിൽ എവിടേയും രേഖപ്പെടുത്തിയിട്ടില്ല. സാങ്കേതികാനുമതി ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ബിറ്റുമിൻ വാങ്ങിയതിന്റെ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

15.1.2018ലെ 1(4) നമ്പർ തീരുമാനത്തിൻ മേൽ പ്രോജക്ടിന്റെ കാന നിർമ്മാണത്തിന്റെ ഭാഗമായി ലഭിച്ച മണ്ണ് കരാറുകാരനായ ശ്രീ.പി.കെ.ചന്ദ്രന് ആവശ്യമുണ്ടെന്നും മണ്ണിന്റെ വില സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി ടിയാന്റെ ബില്ലിൽ നിന്നും കുറവ് ചെയ്ത് ഈടാക്കുന്നതിന് സമ്മതമാണെന്നു സൂചിപ്പിച്ച് എ.ഇ.കത്ത് നൽകി. ടി മണ്ണിന്റെ വില ഫൈനൽ ബില്ലിൽ നിന്നും നിയമാനുസൃതം കുറവ് ചെയ്യുന്നതിന് എ.ഇ. ചുമതലപ്പെടുത്തി. എന്നാൽ ഓഡിറ്റ് കാലയളവിൽ പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല. പാർട്ട് ബിൽ തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ലഭ്യമായ മണ്ണിന്റെ തുക ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.15.dtd.20.10.2020 ആവശ്യപ്പെട്ടിരുന്നു. സമയ ബന്ധിതമായി പ്രവൃത്തി പൂർത്തികരിക്കാത്തതിനും മണ്ണിന്റെ തുക കരാറുകാരനിൽ ഈടാക്കിയ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 വനിതാ കാന്റീൻ പ്രവർത്തിക്കുന്നില്ല

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വനിത കാന്റീൻ എന്ന പ്രോജക്ടിൽ (s0146/19) അടങ്കൽ 150000/- വനിതാ കാന്റീൻ ടൈൽ വിരിക്കൽ (s0164/19) അടങ്കൽ 30000/- എന്നീ പ്രോജക്ടുകൾക്ക വേണ്ടി ട്രഷറി ബിൽ നം.8/18-19.dtd.30.7.18. 144818/-രൂപയും. ട്രഷറി ബിൽ നം.24/18-19.dtd.12.11.18. 24565/- രൂപയും യഥാക്രമം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ബസ്സ്സ്റ്റാൻറ് പരിസരത്തുള്ള ടി സ്ഥാപനം പ്രവർത്തന രഹിതമായി കിടക്കുന്നതായി കാണാൻ കഴിഞ്ഞു. പ്രവൃത്തി സംബന്ധിച്ച മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും പൂർത്തികരണ സാക്ഷ്യപത്രം സൂക്ഷിക്കുന്നില്ല, സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ യഥാവിധി പ്രയോജനപ്പെടുത്തേണ്ടതും ആയതിന്റെ ഗുണങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയുടേയും ഭരണ സമിതിയുടേയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 തൊഴിലുറപ്പ് പദ്ധതി അവലോകനം

2018-19വർഷത്തിൽ മുല്ലശ്ശേരി പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധ തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വരവ് - | 1,65,24,720 |
| ആകെ ചെലവ് - | 1,65,17,930 |
| നീക്കിയിരുപ്പ് - | 6,790 |
| തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം | 748 |
| നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ | 202 |
| വിഭാവനം ചെയ്ത പദ്ധതികൾ | 423 |
| പൂർത്തിയാക്കിയ പദ്ധതികൾ | 245 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3125 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 48215 |

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 58% പൂർത്തിയാക്കിയിട്ടുള്ളതായും, മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു. തൊഴിൽ ലഭ്യമാക്കിയ 748 കുടുംബങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 202 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

വരും വർഷങ്ങളിൽ കൂടുതൽ വൈവിദ്ധ്യമുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി - വാർഷിക കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

2010ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ, സ.ഉ.(ആർ.ടി) 3379/2004/എച്ച് & എഫ്.ഡബ്ല്യു.ഡി. തിയതി.3.12.2004 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ആരോഗ്യ സ്ഥാപനങ്ങൾ സമയബന്ധിതമായി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് വീഴ്ച വരുത്തുന്നതായി കാണുന്നു. ആയതിനാൽ മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിന് കീഴിൽ പ്രവരത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലെ (അലോപ്പതി, ഹോമിയോപതി, ആയുർവേദം) മെഡിക്കൽ ഓഫീസർമാർ സമയബന്ധിതമായി എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇല്ലെങ്കിൽ എച്ച.എം.സി ആരംഭിച്ചത് മുതൽ നാമിതുവരെയുള്ള വാർഷിക കണക്കുകൾ വർഷം തിരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

## നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 24.07.2019, 25.07.2019 | കെ.എസ്.എ.ടി.എസ്.ആർ എസ്.1/1120/19(44) dt 26.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ചവർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 405000 | ലൈഫ് മിഷൻ | 405000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 70000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 70000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 550000 | നെൽകർഷകർക്ക് കൂലിച്ചെലവ് | 0 | 550000 (2020-21ൽ കണ്സോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു ) |
| ജില്ലാ | 2018-19 | 533913 | ലൈഫ് മിഷൻ | 533913 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 60000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 60000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ് | 200000 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണഏജൻസി | പ്രവർത്തിയുടെപേര് | വൗച്ചർനം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പ്രോജെക്ട് നം 55/19 | 21801592<br>Dt:27/02/2019 | 135488 | - | 135488 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

വാർഷിക കണക്കിൽ RP.32ൽ വായ്പ തുക 2887701/-രൂപ KURDFCയിൽ നിന്നുള്ള ലോൺ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കേണ്ടതിന് ബന്ധപ്പെട്ട ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

# 4-6 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് B12 ഷെഡ്യൂൾ പ്രകാരം 5000/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. കൃത്യത പരിശോധിക്കുന്നതിനായി രജിസ്റ്റർ ലഭ്യമായിട്ടില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53906670 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51007955 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 68-69 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 1 |
| 72-73 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 3 |
| 73-74 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 9 |
| 75-76 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 19 |
| 76-77 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 21 |
| 77-78 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 10 |
| 78-79 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 7 |
| 79-80 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 7 |
| 80-81 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 14 |
| 81-82 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 10 |
| 82-83 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 8 |
| 83-84 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 16 |
| 84-85 | എൽ.എഫ്.ടി.11-1802/83 തീയതി.02/09/03 | 9 |
| 85-86 | എൽ.എഫ്.ടി.11 -1199/91 തീയതി.20-7-92 | 26 |
| 86-87 | എൽ.എഫ്.ടി.11- 1316/92 തീയതി.09/10/92 | |
| 88-89 | എൽ.എഫ്.ടി.11- 1316/92 തീയതി.09/10/92 | 35 |
| 89-90 | എൽ.എഫ്.ടി.11-1316/92 തീയതി.09/10/92 | |
| 90-91 | എൽ.എഫ്.ടി.11- 262/96 തീയതി. 21.12.96 | 29 |
| 91-92, 92-93, 93-94 | എൽ.എഫ്.ടി.11- 262/96 തീയതി.21/12/96 | 27 |
| 94-95,95-96 | എൽ.എഫ്.ടി.21-355/98 9/11/98- 1802/83 തീയതി.02/09/03 | 28 |
| 96-97 | എൽ.എഫ്.ടി.11-1802/83 തീയതി.02/09/03 | 24 |
| 97-98 | എൽ.എഫ്.ടി.15/839/98 തീയതി.31/12/98 | |
| 98-99 | എൽ.എഫ്.ടി.15/631/2000 തീയതി.7-8-2000 | |
| 99-00 | എൽ.എഫ്.ടി.15-245/03 തീയതി. 6-9-03 | |
| 00-01 | എൽ.എഫ്.ടി.15-1056/04 തീയതി.7-1-2004 | |
| 01-02 | എൽ.എഫ്.ടി.15-1057/04 തീയതി. 17-1-04 | |
| 02-03 | എൽ.എഫ്.ടി.15-353/05 തീയതി.3-8-09 | |
| 03-04 | എൽ.എഫ്.ടി.15- 1875/06 തീയതി.30-5-07 | |
| 04-05 | എൽ.എഫ്.ടി.15-1964/08 തീയതി. 14-9-09 | |
| 05-06 | എൽ.എഫ്.ടി.15-1965/08 തീയതി. 14-09-09 | |
| 06-07 | എൽ.എഫ്.ടി.15 തീയതി. 29.11.10 | |
| 07-08 | എൽ.എഫ്.ടി.പി.7-1811/10 തീയതി. 31-5-11 | |
| 08-09 മുതൽ10-11 | എൽ.എഫ്.ടി.പി.1-2180/12 തീയതി.11-3-13 | |
| 11-12 | എൽ.എഫ്.ടി.5-200/13 തീയതി.3-4-14 | |
| 12-13 | എൽ.എഫ്.ടി.പി.5-1286/14 തീയതി.9-1-2015/24-3-15 | |
| | | |

| | | |
|---|---|---|
| 13-14 | കെ.എസ്.എ.-ടി.എസ്.ആർ.-(പി5)750/15 തി.6-10-15 /12-10-15 | |
| 14-15 | കെ.എസ്.എ.-ടി.എസ്.ആർ.-(പി5)-1254/16 തീ.26-7-16/30-7-16 | |
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(പി5)-124/17 തീ.2-2-17/10-2-17 | |
| 2016-17 | കെ.എസ്.എ.-ടി.എസ്.ആർ.(പി5)-1565/2017 തീ.24.11.17/15.12.17 | |
| 2017-18 | കെ.എസ്.എ.-ടി.എസ്.ആർ.(പി5)-141/2019 തീ.06.05.19 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ.

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ